# പതിനഞ്ചാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 മേയ് 24, തിങ്കൾ

**നമ്പർ 1**

(സഭാനടപടികൾ ആരംഭിക്കുന്നതിനു മുൻപ് ദേശീയഗാനം ആലപിക്കുകയുണ്ടായി)

രാവിലെ 9.00 മണിക്ക് സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ യെടുക്കുന്നതിനായി അംഗങ്ങൾ ചേംബറിൽ ഹാജരായി. ഭരണഘടനയുടെ 180-ാം അനുച്ഛേദം (1)-ാം ഖണ്ഡം അനുസരിച്ച് സ്പീക്കറുടെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനായി നിയമിതനായ സഭാംഗം ശ്രീ. പി. ടി. എ. റഹീം അദ്ധ്യക്ഷത വഹിച്ചു. ഭരണഘടനയുടെ 180-ാം അനുച്ഛേദം (1)-ാം ഖണ്ഡം അനുസരിച്ച് സ്പീക്കറുടെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനായി ശ്രീ. പി. ടി. എ. റഹീമിനെ ഗവർണർ നിയമിച്ചിരിക്കുന്ന വിവരം സെക്രട്ടറി സഭയെ അറിയിച്ചു. പുതുതായി രൂപീകരിക്കപ്പെട്ട നിയമസഭയിലെ അംഗങ്ങളെ ഭരണഘടനയുടെ 3-ാം പട്ടികയിൽ കൊടുത്തിരിക്കുന്ന ഫാറം അനുസരിച്ച് സത്യപ്രതിജ്ഞയോ സഗൗരവ പ്രതിജ്ഞയോ ചെയ്യിക്കുന്നതിന് ഭരണഘടനയുടെ 188-ാം അനുച്ഛേദം അനുസരിച്ച് ശ്രീ. പി. ടി. എ. റഹീമിനെ ഗവർണർ നിയമിച്ചിരിക്കുന്നതായും സെക്രട്ടറി സഭയെ അറിയിച്ചു.

136 തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഭരണഘടനയുടെ 188-ാം അനുച്ഛേദം അനുസരിച്ച് സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ ചെയ്യുകയും പ്രതിജ്ഞാഫാറത്തിലും അംഗത്വരജിസ്റ്ററിലും ഒപ്പുവെക്കുകയും ചെയ്തു. സത്യപ്രതിജ്ഞക്കിടെ രാവിലെ 11.27 മണിക്ക് സഭാനടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കുകയും 11.39-ന് വീണ്ടും സമ്മേളിക്കുകയും ചെയ്തു.

2021 മേയ് 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 11.54-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

## FIFTEENTH KERALA LEGISLATIVE ASSEMBLY

First Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, May 24, 2021*

**No. 1**

(National anthem was sung before the commencement of the proceedings)

The members assembled for making oath or affirmation at 9.00 a.m. in the Assembly Chamber. Shri P. T. A. Rahim who was appointed by the Governor to perform the duties of the Speaker under Article 180 (1) of the Constitution was in the Chair. The Secretary informed the House that under Article 180 (1) of the Constitution of India the Governor has appointed Shri P. T. A. Rahim to perform the duties of the Speaker and that under Article 188 of the Constitution the Governor has appointed Shri P. T. A. Rahim as the person before whom members of the newly constituted Legislative Assembly shall make oath or affirmation according to the form, set out for the purpose in the Third Schedule of the Constitution.

One hundred and thirtysix elected Members made and subscribed oath or affirmation and signed the Roll of Members under Article 188. Amidst the proceedings the House was temporarily adjourned at 11.27 a.m. and reassembled at 11.39 a.m.

The House adjourned at 11.54 a.m. to meet again at 9.00 a.m. on Tuesday, 25th May, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*

KNPP. 515/2021(ii)